**ഏപ്രിൽ 17, 2014**

പ്രചാരണ ഡയറി 17-04-2014

## പകയില്ലാത്ത ഉചിതമായ അഭിപ്രായം

അരുൺ ജെയ്റ്റ്ലി,
(പ്രതിപക്ഷ നേതവ്, രാജ്യസഭ)

എൻ.ഡി.എ.യുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥി നരേന്ദ്രമോഡി ന്യൂസ് ഏജൻസിയായ എ.എൻ.ഐ.യുമായുള്ള ഒരു അഭിമുഖത്തിൽ ശ്രദ്ധേയ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. അടുത്ത ഗവൺമെന്റിൽ നിന്ന് പകവീട്ടുന്ന തരത്തിലുള്ള പ്രവർത്തനം ഉണ്ടാകുകയില്ല എന്ന്.

ഇന്ത്യയ്ക്ക് പരിവർത്തനം വന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ അശാന്തരാണ്. ഉയർന്ന ചിന്താഗതിയുള്ളവരുടെ എണ്ണം അനുദിനം കൂടിവരികയാണ്. ജീവിതനിലവാരം ഉയരുന്ന സ്ഥിതിക്ക് തങ്ങളുടെ ജീവിതരീതിയും മാറുവാൻ അവർ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസം, ജോലി, പാർപ്പിടം, ആരോഗ്യം, ശുചിത്വമാർന്ന ചുറ്റുപാട് എന്നിവയിൽ വളരെ തൽപ്പരരാണ് പുതിയ തലമുറ. അവർക്കു വേണ്ടുന്നതു ലഭ്യമാക്കാൻ കഴിയുന്നതാവണം രാഷ്ട്രീയമെന്നും അല്ലാതെ രാഷ്ട്രീയപ്പാർട്ടികൾക്കിടയിൽപ്പെട്ട് മടിയന്മാരാകാൻ ആഗ്രഹിക്കുന്നില്ല എന്നും അവർ വ്യക്തമാക്കുന്നു.

ഈ സാഹചര്യത്തിൽ ഗവൺമെന്റുകളെ ജനങ്ങൾ ഓർമ്മിക്കുന്നത് അവരുടെ പ്രവർത്തനങ്ങളെയും നേട്ടങ്ങളെയും മുൻനിർത്തിയായിരിക്കും. അല്ലാതെ രാഷ്ട്രീയ ശത്രുക്കളുടെ മേലുള്ള സംഘട്ടനങ്ങളെ മുൻനിർത്തിയായിരിക്കില്ല. ഇതിന്റെ അർത്ഥം നിയമനിഷേധം എന്നല്ല. ജനങ്ങൾ തെറ്റുചെയ്താൽ അത് സ്വതന്ത്ര ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിക്കണം. ഈ അവസരങ്ങളിൽ വസ്തുനിഷ്ഠമായ അന്വേഷണം ഉറപ്പാക്കുകയും വേണം. അന്വേഷണോദ്യോഗസ്ഥർ സത്യസന്ധരും രാഷ്ട്രീയ ഇടപെടലുകൾക്ക് വിധേയരാകാത്തവരും ആയിരിക്കണം. ഇതായിരിക്കണം വരുംസർക്കാർ ജനങ്ങൾക്കു നൽകേണ്ട ഉറപ്പ്.

## വോട്ടർമാർ മൂങ്ങകളല്ല

121 പാർലമെന്റ് മണ്ഡലങ്ങളിലേക്ക് ഇന്ന് വോട്ടെടുപ്പു നടക്കുകയാണ്. ഏതാണ്ട് പകുതിയോളം സീറ്റുകളിലേക്ക് വോട്ടെടുപ്പ് കഴിഞ്ഞു. എന്താണ് ഇപ്പോൾ നിലവിലുള്ള പ്രവണത? മൂന്നാം മുന്നണി അല്ലെങ്കിൽ ഫെഡറൽ മുന്നണി മത്സരരംഗത്തേ ഇല്ല. കോൺഗ്രസ് ബഹുദൂരം പിന്നിലുമാണ്. അടുത്ത അതുകൊണ്ടുതന്നെ ഗവൺമെന്റ് രൂപീകരിക്കാൻ ഏറ്റവും കൂടുതൽ സാദ്ധ്യത എൻ.ഡി.എ.യ്ക്കാണ്. ഇതിനു പുറമേ സാധാരണ ഉണ്ടാകുന്ന ഭരണവർഗ്ഗത്തിനെതിരെയുള്ള വികാരവും യു.പി.എ.യ്ക്കൊപ്പമുണ്ട്. ദേശീയതലത്തിൽ ജനവികാരം നരേന്ദ്രമോദിയോടൊപ്പമാണ്. ശരാശരി ഒരു ഇന്ത്യാക്കാരന്റെ മുന്നിലുള്ള പ്രശ്നം ശക്തമായ ഗവൺമെന്റ് കേന്ദ്രത്തിൽ ആർക്ക് രൂപീകരിക്കാൻ കഴിയും എന്നുള്ളതാണ്. ഇതിനുള്ള ഉത്തരം നൽകാൻ ബി.ജെ.പിക്കും എൻ.ഡി.എ.യ്ക്കും മാത്രമേ കഴിയൂ. ജനങ്ങൾ കോൺഗ്രസിനോട് കുപിതരാണെന്ന സത്യം രാഹുൽഗാന്ധി മനസ്സിലാക്കണം. കോൺഗ്രസിനെതിരായി വോട്ടു ചെയ്യുമ്പോൾ അവർ ‘മൂങ്ങകളായി മാറുന്നില്ല. തിരഞ്ഞെടുപ്പിലുണ്ടാകുന്ന തോൽവി ഒരിക്കലും ഒരു നേതാവിന്റെ സൗമ്യത നഷ്ടപ്പെടുത്തില്ല. കോൺഗ്രസിനെതിരെ വോട്ടു ചെയ്യുന്നവർക്ക് പറയാൻ തക്കതായ കാരണങ്ങൾ ഉണ്ടാകാം. എന്നാൽ രാഹുൽഗാന്ധി തിരഞ്ഞെടുത്ത നാലക്ഷര വാക്കുകൊണ്ട് കുപിതനായ ഒരു വോട്ടറെ വിശേഷിപ്പിക്കാൻ കഴിയില്ല എന്ന കാര്യം മനസ്സിലാക്കണം.